"ഭരണഭാഷ-മാതൃഭാഷ"

നമ്പർ ജി3/18309/2013

വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ കാര്യാലയം
എറണാകുളം, തീയതി:01/12/2020
ഫോൺ നം.0484 2422210
Email ID ddeekm.dge@kerala.gov.in

18890
31/12/20

## അനുബന്ധം എച്ച്.4

## നോട്ടീസ്

അകനാട് ഗവ.വി.എച്ച്.സ്കൂളിലെ ആഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ.എം.എൻ.സെൽവകുമാർ എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 10/09/2012 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തതിന് 1960-ലെ കേരള സിവിൽ സർവ്വീസുകൾ (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിൽ വിഭാവനം ചെയ്യുന്ന പ്രകാരം താങ്കൾക്കെതിരെ അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുള്ളതും 10/09/2012 തീയതി മുതൽ സേവനത്തിൽ നിന്നും നീക്കം ചെയ്യാതിരിക്കാൻ കാരണം എന്തെങ്കിലും ഉണ്ടെങ്കിൽ ആയത് ബോധിപ്പിക്കാൻ നിർദ്ദേശിച്ചുകൊണ്ട് ഈ കാര്യാലയത്തിലെ 04/09/2020 തീയതിയിലെ ജി3/18309/13 നമ്പർ പ്രകാരം നോട്ടീസ് നൽകിയിട്ടുള്ളതാണ്. ടി നോട്ടീസ് താങ്കൾ കൈപ്പറ്റാത്തതിനാൽ പോസ്റ്റൽ അധികാരികൾ മടക്കിയിട്ടുള്ളതാണ്.

ആയതിനാൽ ഈ നോട്ടീസ് പരസ്യപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിന് ഉള്ളിൽ താങ്കൾക്കെതിരെ തയ്യാറാക്കിയ നോട്ടീസിന് താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ മറ്റ് വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്ക് യാതൊരു എതിർവാദവും ബോധിപ്പിക്കാനില്ല എന്ന് അനുമാനിക്കുന്നതും അതിനനുസൃതമായി തുടർ നടപടികൾ എടുക്കുന്നതുമാണ്. ടി നോട്ടീസിന്റെ പൂർണ്ണരൂപം നിശ്ചിത കാലാവധിയ്ക്ക് മുമ്പ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം, എറണാകുളത്തു നിന്നും ആഫീസ് പ്രവർത്തി സമയങ്ങളിലോ, അല്ലെങ്കിൽ അത് അയക്കേണ്ടതായ താങ്കളുടെ മേൽവിലാസം നൽകിക്കൊണ്ട് താങ്കൾ നൽകുന്ന അപേക്ഷയിന്മേലോ താങ്കൾക്ക് വാങ്ങാവുന്നതാണ്.

വിദ്യാഭ്യാസ ഉപ ഡയറക്ടർ
എറണാകുളം

സ്വീകർത്താവ്
ശ്രീ.എം.എൻ.സെൽവകുമാർ
മേക്കേത്ത് കുടി
[illegible]
[illegible]

"ഭരണഭാഷ-മാതൃഭാഷ"

നം.ജി3/18309/2013

വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം,
എറണാകുളം, തീയതി : 04.09.2020
ഫോൺ നമ്പർ: 0484 2422227, 0484 2422210
Email:ddeekm.dge@kerala.gov.in

## നോട്ടീസ്

വിഷയം:- പൊതുവിദ്യാഭ്യാസം- ജീവനം-ശ്രീ.എം.എൻ സെൽവകുമാർ, ആഫീസ് അറ്റൻഡന്റ്, ഗവണ്മെന്റ് വി.എച്ച്.എസ്. അകനാട്-അനധികൃതമായി ജോലിയ്ക്ക് ഹാജരാകാത്തത്-അച്ചടക്ക നടപടി - സംബന്ധിച്ച്:-

സൂചന:-

1. അകനാട് ഗവണ്മെന്റ് ഹൈസ്ക്കൂളിലെ പ്രധാനാദ്ധ്യാപികയുടെ 26.09.2013 തീയതിയിലെ 8/12-13 നമ്പർ കത്ത്.
2. ഈ കാര്യാലയത്തിലെ 04.02.2014 തീയതിയിലെ ഇതേ നമ്പർ കാരണം കാണിക്കൽ നോട്ടീസ്.
3. ഈ കാര്യാലയത്തിലെ 15.01.2016 തീയതിയിലെ ഇതേ നമ്പർ കുറ്റാരോപണ മെമ്മോയും, പത്രികയും.
4. ഈ കാര്യാലയത്തിലെ 12.04.2019 തീയതിയിലെ ഇതേ നമ്പർ കത്ത്.
5. ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് വകുപ്പ് ഡയറക്ടറുടെ 16.10.2019 തീയതിയിലെ നം.181/എഫ്2/2019 നമ്പർ കത്ത്.
6. ഈ കാര്യാലയത്തിലെ 12.06.2020 തീയതിയിലെ ഇതേ നമ്പർ അന്വേഷണ അറിയിപ്പ്.
7. ഈ കാര്യാലയത്തിലെ 26.06.2020 തീയതിയിലെ ഇതേ നമ്പർ കത്ത്.

.........................

അകനാട് ഗവണ്മെന്റ് വി.എച്ച്.സ്ക്കൂളിലെ ആഫീസ് അറ്റൻഡന്റ് ആയിരുന്ന ശ്രീ.എം.എൻ സെൽവകുമാർ എന്ന താങ്കൾ 10.09.2012 മുതൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെയിരുന്നു എന്ന സൂചന (1) പ്രകാരം ലഭിച്ച പരാതിയുമായി ബന്ധപ്പെട്ട് സൂചന (2) പ്രകാരം ഈ കാര്യാലയത്തിൽ നിന്ന് താങ്കൾക്ക് കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി. എന്നാൽ താങ്കൾക്ക് നൽകിയ ടി നോട്ടീസ് "Addressee out of station" എന്ന കുറിപ്പോടെ തപാൽ വകുപ്പ് തിരികെ അയക്കുകയുണ്ടായി.

അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതിരിക്കുന്നത് സർവ്വീസ് ചട്ടങ്ങൾക്ക് വിരുദ്ധവും, ഗുരുതരമായ അച്ചടക്ക ലംഘനവും ആയതിനാൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും, നിയന്ത്രണവും, അപ്പീലും) പ്രകാരം താങ്കൾക്ക് സൂചന (3) പ്രകാരം ഈ കാര്യാലയത്തിൽ നിന്ന് കുറ്റാരോപണ മെമ്മോയും പത്രികയും

നൽകിയിരുന്നു. എന്നാൽ "Un claimed" എന്ന കുറിപ്പോടെ തപാൽ വകുപ്പ് തിരികെ ഇത് അയക്കുകയുണ്ടായി.

തുടർന്ന് താങ്കൾക്ക് ഈ കാര്യാലയത്തിൽ നിന്നും അയച്ച സൂചന (2), (3) പ്രകാരമുളള നോട്ടീസുകൾ മടങ്ങി വന്ന സാഹചര്യത്തിൽ ടി നോട്ടീസിന്റെ പകർപ്പ് നിർദ്ദിഷ്ട ഫാറത്തിൽ തയ്യാറാക്കി പ്രമുഖ മലയാളം പത്രങ്ങളിലും, സർക്കാർ വെബ് സൈറ്റിലും പ്രസിദ്ധീകരണത്തിനായി സൂചന (4) പ്രകാരം തിരുവനന്തപുരം പബ്ലിക് റിലേഷൻസ് വകുപ്പിന് നൽകുകയുണ്ടായി. ടി അച്ചടക്ക നടപടിയുടെ നോട്ടീസ് മാധ്യമം ദേശാഭിമാനി എന്നീ പത്രങ്ങളിൽ പ്രസിദ്ധീകരിക്കുന്നതിനായി അയച്ചു കൊടുത്തിട്ടുണ്ട് എന്ന് പബ്ലിക്ക് റിലേഷൻസ് വകുപ്പിൽ നിന്ന് സൂചന (5) പ്രകാരം അറിയിക്കുകയുണ്ടായി. എന്നാൽ ടി നോട്ടീസ് പ്രമുഖ ദിനപത്രങ്ങളിൽ പ്രസിദ്ധീകരിച്ചെങ്കിലും അതിനും താങ്കളുടെ ഭാഗത്ത് നിന്ന് യാതൊരു പ്രതികരണവും ഉണ്ടായില്ല.

തുടർന്ന് അച്ചടക്ക നടപടി തുടരുന്നതിന്റെ ഭാഗമായി 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും, നിയന്ത്രണവും, അപ്പീലും) ചട്ടം 15 പ്രകാരമുളള ഔപചാരിക അന്വേഷണം നടത്തുവാൻ തീരുമാനിക്കുകയും, സൂചന (6) പ്രകാരം അന്വേഷണം നടത്തി അറിയിപ്പ് താങ്കൾക്കും, ബന്ധപ്പെട്ട പ്രധാനാദ്ധ്യാപികയ്ക്കും നൽകുകയും ചെയ്തിരുന്നു. എന്നാൽ താങ്കൾക്ക് നൽകിയ നോട്ടീസ് "Addressee out of station" എന്ന് രേഖപ്പെടുത്തി തപാൽ വകുപ്പ് മടക്കി നൽകി.

ശ്രീ.എം.എൻ സെൽവകുമാർ സ്ക്കൂളിൽ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെയിരിക്കുകയാണ് എന്നും, പലപ്പോഴും ഇതുമായി ബന്ധപ്പെട്ട കത്തുകൾ സ്ക്കൂളിൽ നൽകിയിരിക്കുന്ന വിലാസത്തിൽ അയച്ചിട്ടുണ്ട് എങ്കിലും നാളിതുവരെയായിട്ടും യാതൊരു മറുപടിയും ടിയാനിൽ നിന്നും ലഭിച്ചിട്ടില്ല എന്ന് പ്രധാനാദ്ധ്യാപിക റിപ്പോർട്ട് ചെയ്യുകയുണ്ടായി.

ആയതിനാൽ താങ്കൾ അനധികൃതമായി ജോലിയ്ക്ക് ഹാജരാകാതെ യിരിക്കുന്നതിനാൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തുകയും, കേരള സർവ്വീസ് ചട്ടങ്ങളുടെ ലംഘനം നടത്തിയതായും അന്വേഷണത്തിൽ ബോദ്ധ്യപ്പെട്ടു. ടി അന്വേഷണ റിപ്പോർട്ട് സൂചന (7) പ്രകാരം താങ്കൾക്ക് ഈ കാര്യാലയത്തിൽ നിന്ന് നൽകുകയുണ്ടായി. ടി റിപ്പോർട്ടിന്മേലുളള താങ്കളുടെ വിശദീകരണം ഈ കത്ത് കിട്ടി 7 ദിവസത്തിനുളളിൽ ഈ കാര്യാലയത്തിൽ സമർപ്പിക്കേണ്ടതാണ് എന്നും അല്ലാത്തപക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കുമെന്നും അറിയിച്ചിരുന്നു. എന്നാൽ ടി കത്ത് താങ്കൾ കൈപ്പറ്റിയിട്ടും അനുവദിക്കപ്പെട്ട കാലയളവിനുളളിൽ യാതൊരുവിധ വിശദീകരണവും താങ്കളിൽ നിന്ന് ലഭിച്ചിട്ടില്ല

ആയതിനാൽ ഇത്തരത്തിൽ മറുപടി നൽകാതിരിക്കുന്നതിന് താങ്കൾക്ക് എതിരെയായ കുറ്റാരോപണങ്ങളുടെ പരോക്ഷമായ സ്വീകാര്യതയായി കണക്കിലെടുത്ത് ഈ വിഷയത്തിൽ താങ്കൾക്ക് കൂടുതൽ ഒന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ എത്തിച്ചേർന്നിരിക്കുന്നു. താങ്കൾ ഒരു സർക്കാർ ഉദ്യോഗസ്ഥനെന്ന നിലയിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തിൽ ഗുരുതരമായ വീഴ്ച വരുത്തിയ സാഹചര്യത്തിൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും, അപ്പീലും) ചട്ടങ്ങളിലെ ചട്ടം 11 ഉപചട്ടം (vii) ന്റെ അടിസ്ഥാനത്തിൽ താങ്കളെ സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാൻ താത്ക്കാലികമായി തീരുമാനിച്ചിരിക്കുന്നു. തീരുമാനം നടപ്പാക്കുന്നതിന് മുന്നോടിയായി താങ്കൾക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് കൈപ്പറ്റി 15 ദിവസത്തിനകം താഴെ ഒപ്പിട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ മുമ്പാകെ രേഖാമൂലം സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ തുടർനടപടി സ്വീകരിക്കുന്നതായിരിക്കും എന്ന വിവരം അറിയിക്കുന്നു.

ടോണി ജോൺസൺ,
പെൻ: 832043
അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം
എറണാകുളം.

സ്വീകർത്താവ്

ശ്രീ.എം.എൻ സെൽവകുമാർ
മേക്കേത്ത്കുടി
പാനിപ്ര പി.ഒ.,
നാഗഞ്ചേരി, കോതമംഗലം.

പകർപ്പ്:-

1. പ്രധാനാദ്ധ്യാപിക,
   ഗവണ്മെന്റ് ഹൈസ്ക്കൂൾ അകനാട്.
2. എ5-സെക്ഷൻ
3. കരുതൽ ഫയൽ

എസ്. 04.09.2020